പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4591

20-10-2011-ൽ മറുപടിയ്ക്ക്

## ടെറിട്ടോറിയൽ മത്സ്യബന്ധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) കേരളത്തിന്റെ ടെറിട്ടോറിയൽ വാട്ടറിൽ മത്സ്യബന്ധനം നടത്തുന്ന എത്ര മത്സ്യത്തൊഴിലാളികളുണ്ടെന്നും അവർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകിയിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ ; | എ) സംസ്ഥാനത്ത് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള 232,388 സജീവ മത്സ്യത്തൊഴിലാളികളുണ്ട്. (ഇതിൽ 190483 പേർ കടൽ മത്സ്യത്തൊഴിലാളികളാണ്.) ഇവരിൽ 1,68,000 പേരുടെ വിവരം ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനായി ശേഖരിച്ചു കഴിഞ്ഞു. ഇത്തരത്തിൽ വിവരം ശേഖരിച്ചവരിൽ 1,30,000 പേരുടെ ബയോമെട്രിക് വിവരശേഖരണവും പൂർത്തിയായിട്ടുണ്ട്. |
| ബി) കേരളത്തിന്റെ ടെറിട്ടോറിയൽ വാട്ടറിൽ മത്സ്യബന്ധനം നടത്തുന്നതിന് അന്യരാജ്യക്കാരായ മത്സ്യത്തൊഴിലാളികൾ വ്യാപകമായി എത്തിക്കൊണ്ടിരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ഇതിനകം അന്യരാജ്യക്കാരായ എത്ര മത്സ്യത്തൊഴിലാളികൾ ഈ മേഖലയിൽ തൊഴിലെടുക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ? | സി) കൃത്യമായ വിവര ശേഖരണം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ